**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ കാര്യക്ഷമമായ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടിണി മരണം ഉണ്ടാവാൻ പാടില്ലെന്ന കാഴ്ചപ്പാടോടെ, അതിദരിദ്രർക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ കീഴിൽ 1,54,80,040 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്താൻ കഴിയുന്നത്. പ്രസ്തുത ഗുണഭോക്താക്കളിൽ 5,95,800 കുടുംബങ്ങൾക്ക് അതിദരിദ്രർക്കു നൽകുന്ന AAY/(അന്ത്യോദയ അന്ന യോജന) കാർഡുകൾ നൽകി 35 kg ഭക്ഷ്യധാന്യം എല്ലാ മാസവും നൽകി വരുന്നുണ്ട്. ആയതു കൂടാതെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ അവർ താമസിക്കുന്ന ഉന്നതികളിൽ നേരിട്ട് എത്തിച്ച് നൽകുന്നതിനായി "സഞ്ചരിക്കുന്ന റേഷൻ കട" എന്ന പദ്ധതി ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ റേഷൻ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ റേഷൻ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി നിലവിൽ 10 ജില്ലകളിലായി 21 താലൂക്കുകളിൽ 137 ആദിവാസി ഉന്നതികളിൽ 64 റേഷൻ കടകളിൽ നിന്നും നേരിട്ട് റേഷൻ ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നു. ലേബർ സെറ്റിൽമെന്റുകളിൽ റേഷൻ എത്തിച്ചു നൽകുന്നതിനു നിലവിൽ പദ്ധതികൾ ഒന്നും തന്നെയില്ല. |
| (സി) | ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി |

| | | | |
|---|---|---|---|
| | | | എന്നിവ തടയുന്നതിന് ജില്ലാ തല സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. റേഷനിങ് കൺട്രോളർ, ഡെപ്യൂട്ടി റേഷനിങ് കൺട്രോളർ, വകുപ്പുതല വിജിലൻസ് ഓഫീസർ, ജില്ല സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിങ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ വകുപ്പിലെ ഉദ്യോഗസ്ഥർ റേഷൻ കടകളിലും NFSA ഗോഡൗണുകളിലും ശക്തമായ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കടകൾ സസ്പെൻഡ് ചെയ്തു തുടർനടപടികൾ സ്വീകരിക്കുന്നു. NFSA ഗോഡൗണുകളിലെ ക്രമക്കേടുകൾക്ക് സ്റ്റോക്കിലുള്ള വ്യത്യാസത്തിനു പിഴ ഈടാക്കുകയും ജീവനക്കാർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിച്ചു തുടർ നടപടികൾ കൈക്കൊള്ളുന്നു. ഉൽസവ സീസണുകളിൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ, പൊതുവിതരണ ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ചു പരിശോധന നടത്തി ക്രമക്കേടുകൾക്ക് നടപടി സ്വീകരിച്ചു വരുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ജില്ല കളക്ടറുടെ നേതൃത്വത്തിൽ എസൻഷ്യൽ കമോഡിറ്റീസ് (EC) ആക്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമമായ റേഷൻ വിതരണം നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി ഉന്നതികളിലെ കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററോളം സഞ്ചരിച്ച് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ